84

കേന്ദ്ര ഗവൺമെന്റ്
നിയമ നീതിന്യായ കമ്പനി മന്ത്രാലയം

# THE ENEMY PROPERTY ACT, 1968

(34 of 1968)

# ശത്രുവക വസ്തു ആക്റ്റ് 1968

## (1968-ലെ 34)

(1968-ലെ 34-ാം നമ്പർ ആക്റ്റ്)

വില : [illegible]

ഇന്ത്യാ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിച്ചത്
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# THE ENEMY PROPERTY ACT, 1968
(34 of 1968)

# ശത്രുവക വസ്തു ആക്റ്റ് 1968
**(1968 ലെ 34)**

(1968-ലെ 34-ാം നമ്പർ ആക്റ്റ്)

63-10

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

# ശത്രുവക വസ്തു ആക്ട്, 1968

## (1968–ലെ 34)

[1968 ആഗസ്റ്റ് 20]

ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-നും ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971-നും കീഴിൽ ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമായ ശത്രുവക വസ്തുവിന്റെ തുടർന്നുള്ള നിക്ഷിപ്തമാകലിന് വ്യവസ്ഥ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുമുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പത്തൊൻപതാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

**ചുരുക്കപ്പേരും, വ്യാപ്തിയും ബാധകതയും പ്രാരംഭവും.**

1. (1) ഈ ആക്റ്റിന് ശത്രുവക വസ്തു ആക്റ്റ്, 1968 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ഇൻഡ്യയ്ക്കുവെളിയിലുള്ള എല്ലാ ഇൻഡ്യൻ പൗരൻമാർക്കും ഇൻഡ്യയിൽ രജിസ്റ്റർ ചെയ്യുകയോ, ഏകാംഗീകൃതമാക്കുകയോ ചെയ്യുന്ന കമ്പനികളുടേയോ ഏകാംഗീകൃത നികായങ്ങളുടേയോ ഇൻഡ്യയ്ക്കുവെളിയിലുള്ള ശാഖകൾക്കും, ഏജൻസികൾക്കും കൂടി ഇതു ബാധകമാകുന്നതും ആണ്.

(3) ഇത്, 1968 ജൂലൈ 10-ാംദിവസം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാകുന്നു.

**നിർവ്വചനങ്ങൾ**

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കസ്റ്റോഡിയ" ന്, 3-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്നതോ, നിയമിക്കപ്പെട്ടതായി കരുതപ്പെടുന്നതോ ആയ, ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയൻ എന്നർത്ഥമാകുന്നതും, അതിൽ ആ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്നതോ നിയമിക്കപ്പെട്ടതായി കരുതപ്പെടുന്നതോ ആയ, ശത്രുവക വസ്തു ഡെപ്യൂട്ടി കസ്റ്റോഡിയനും ശത്രുവകവസ്തു അസിസ്റ്റന്റ് കസ്റ്റോഡിയനും ഉൾപ്പെടുന്നതും;

(ഖ) "ശത്രു" അല്ലെങ്കിൽ "ശത്രുപ്രജ", അല്ലെങ്കിൽ "ശത്രുഫേം" എന്നാൽ, ഇൻഡ്യൻ പ്രതിരക്ഷാആക്റ്റ്, 1962-നും (1962-ലെ 51) ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ, 1962- നും കീഴിലോ, അല്ലെങ്കിൽ ഇൻഡ്യൻ പ്രതിരക്ഷാ ആക്റ്റ്, 1971-നും ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971-നുംകീഴിലോ അതതുസംഗതിപോലെ, ശത്രുവോ ശത്രുപ്രജയോ, ഒരു ശത്രു ഫേമോ ആയിരുന്ന ആളോ രാജ്യമോ എന്നർത്ഥമാകുന്നതും എന്നാൽ അതിൽ ഇൻഡ്യൻ പൗരൻ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഗ) "ശത്രുവക വസ്തു" എന്നാൽ, തൽസമയം ശത്രുവിന്റേയോ ശത്രുപ്രജയുടെയോ ശത്രുഫേമിന്റേയോ വകയായിരിക്കുന്നതോ അല്ലെങ്കിൽ ശത്രുവിനോ ശത്രുപ്രജയ്ക്കോ ഒരു ശത്രുഫേമിനോ വേണ്ടി ധാരണംചെയ്യുകയോ മാനേജ് ചെയ്യുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും വസ്തുവെന്നർത്ഥമാകുന്നതും;

എന്നാൽ, വ്യക്തിയായ ഒരു ശത്രുപ്രജ, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ വച്ചു മരിക്കുന്നിടത്തു അയാളുടെ മരണത്തിന് തൊട്ടുമുമ്പ് അയാളുടെ വകയായിരുന്നതോ അയാൾ ധാരണം ചെയ്തിരുന്നതോ, അയാൾക്കുവേണ്ടി മാനേജ് ചെയ്യപ്പെട്ടിരുന്നതോ ആയ ഏതെങ്കിലും വസ്തു, അയാൾ മരിച്ചുവെന്നിരുന്നാലും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ശത്രുവക വസ്തുവായി തുടർന്നു പരിഗണിക്കപ്പെടുന്നതാകുന്നു:—

(ഘ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ആകുന്നു. എന്നർത്ഥമാകുന്നതും ;

**ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയൻ, ഡെപ്യൂട്ടി കസ്റ്റോഡിയൻ മുതലായവരുടെ നിയമനം**

3. കേന്ദ്ര ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഇൻഡ്യയുടെ ഒരു ശത്രുവകവസ്തു കസ്റ്റോഡിയനേയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തദ്ദേശപ്രദേശങ്ങൾക്കായി ഒന്നോ അതിലധികമോ ശത്രുവക വസ്തു ഡെപ്യൂട്ടി കസ്റ്റോഡിയൻമാരേയും ശത്രുവക വസ്തു അസിസ്റ്റന്റ് കസ്റ്റോഡിയൻമാരെയും നിയമിക്കാവുന്നതാണ്.

എന്നാൽ, അതതുസംഗതിപോലെ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-ൻ കീഴിലോ ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ 1971-ൻ കീഴിലോ നിയമിക്കപ്പെട്ട ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയനും, ഏതെങ്കിലും ശത്രുവക വസ്തു ഡെപ്യൂട്ടി കസ്റ്റോഡിയനും, അല്ലെങ്കിൽ ശത്രുവക വസ്തു അസിസ്റ്റന്റ് കസ്റ്റോഡിയനും ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

**ശത്രുവക വസ്തു ഇൻസ്പെക്ടർമാരുടെ നിയമനം**

4. കേന്ദ്ര ഗവൺമെന്റിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി, സാമാന്യമായോ ഏതെങ്കിലും പ്രത്യേക പ്രദേശത്തിന്നായോ ഒന്നോ അതിലധികമോ ശത്രുവക വസ്തു ഇൻസ്പെക്ടർമാരെ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിയമിക്കാവുന്നതും അങ്ങനെ അതനുസരിച്ച് പ്രവർത്തിക്കുന്നതു ഉറപ്പുവരുത്തുന്നതിനുവേണ്ടി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി അവർ നിർവഹിക്കേണ്ട പ്രവർത്തിവിതരണത്തിനും വിഭജിച്ചു കൊടുക്കലിനും വ്യവസ്ഥചെയ്യാവുന്നതുമാണ്.

എന്നാൽ, അതതുസംഗതിപോലെ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-ൻ കീഴിലോ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971-ൻ കീഴിലോ നിയമിക്കപ്പെട്ട ഏതൊരു ശത്രുഫേമുകൾ ഇൻസ്പെക്ടറും, ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ശത്രുവക വസ്തു ഇൻസ്പെക്റ്ററായി കരുതപ്പെടുന്നതാകുന്നു.

**ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ 1962-ൻ കീഴിലോ ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ 1971-ൻ കീഴിലോ ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമായ വസ്തു, കസ്റ്റോഡിയനിൽ നിന്ന് തുടർന്ന് നിക്ഷിപ്തമായിരിക്കുമെന്ന്.**

5. (1) ഇൻഡ്യൻ പ്രതിരക്ഷാ ആക്റ്റ്, 1962—ന്റേയും (1962-ലെ 51) ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ, 1962 ന്റേയും കാലാവധി അവസാനിച്ചിരിക്കുന്നുവെന്നിരുന്നാലും, അങ്ങനെ അവസാനിച്ചതിനു മുൻപ്, ആ ചട്ടങ്ങൾക്കുകീഴിൽ നിയമിക്കപ്പെട്ട ഇൻഡ്യയുടെശത്രുവക വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമായതും ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് അയാളിൽ നിക്ഷിപ്തമായിത്തുടർന്നിരുന്നതുമായ എല്ലാ ശത്രുവക വസ്തുവും, അങ്ങനെയുള്ള പ്രാരംഭം മുതൽക്ക് കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഇൻഡ്യൻ പ്രതിരക്ഷാ ആക്റ്റ്, 1971-ന്റേയും ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ, 1971-ന്റേയും കാലാവധി അവസാനിച്ചിരിക്കുന്നുവെന്നിരുന്നാലും അങ്ങനെ അവസാനിച്ചതിനുമുൻപ്, ആ ചട്ടങ്ങൾക്കുകീഴിൽ നിയമിക്കപ്പെട്ട ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമായതും ശത്രുവക വസ്തു ഭേദഗതി ആക്റ്റ്, 1977-ന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് അയാളിൽ നിക്ഷിപ്തമായിത്തുടർന്നിരുന്നതുമായ എല്ലാ ശത്രുവക വസ്തുവും, അങ്ങനെയുള്ള പ്രാരംഭം മുതൽക്ക് കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**ശത്രുവിനാലോ ശത്രുപ്രജയാലോ ശത്രുഫേമിനാലോ ഉള്ള കസ്റ്റോഡിയനിൽ നിക്ഷിപ്തമായ വസ്തുവിന്റെ കൈമാററം**

6. ഒരു ശത്രുവോ, ഒരു ശത്രുപ്രജയോ, ഒരു ശത്രുഫേമോ ഈ ആക്റ്റിൻ കീഴിൽ കസ്റ്റോഡിയനിൽ നിക്ഷിപ്തമായ ഏതെങ്കിലും വസ്തു, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിൻപോ ആയാലും, കൈമാററംചെയ്തിരിക്കുകയും, അങ്ങനെയുള്ള കൈമാററം പൊതുതാൽപ്പര്യത്തിന് ഹാനികരമാണെന്നോ, ആ വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമാകുന്നത് ഒഴിവാക്കുകയോ, തടയുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ ചെയ്തതാണെന്നോ കേന്ദ്രഗവൺമെൻറിന് തോന്നുകയും ചെയ്യുന്നിടത്ത്, കേന്ദ്രഗവൺമെൻറിന് കൈമാററം വാങ്ങിയ ആൾക്ക്, ആ സംഗതിയിൽ പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയതിനുശേഷം, ഉത്തരവുവഴി, അങ്ങനെയുള്ള കൈമാററം ശൂന്യമാണെന്നു പ്രഖ്യാപിക്കാവുന്നതും, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിൻമേൽ, ആ വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്നതു തുടരുകയോ, നിക്ഷിപ്തമായിരിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നതുമാകുന്നു.

**മററു വിധത്തിലാണെങ്കിൽ ശത്രുവിനോ, ശത്രുപ്രജയ്ക്കോ ശത്രുഫേമിനോ കൊടുക്കേണ്ട പണം കസ്റ്റോഡിയന് കൊടുക്കൽ**

7. (1) ലാഭവീതമായോ, പലിശയായോ, ഓഹരി ലാഭമായോമററു വിധത്തിലോ ഒരു ശത്രുവിനോ, ശത്രുപ്രജയ്ക്കോ, ശത്രുഫേമിനോ, അല്ലെങ്കിൽ അവരുടെ ഗുണത്തിനായോ കൊടുക്കേണ്ട ഏതെങ്കിലും തുക, കേന്ദ്രഗവൺമെൻറ് മററുവിധത്തിൽ ഉത്തരവ് ചെയ്യാത്തപക്ഷം അതതുസംഗതിപോലെ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-ൻ കീഴിലെയോ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971 ൻ കീഴിലെയോ നിരോധനമില്ലെങ്കിൽ ആ തുക കൊടുക്കേണ്ടിവരുമായിരുന്നയാൾ, കസ്റ്റോഡിയനോ, കസ്റ്റോഡിയൻ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ആൾക്കോ കൊടുക്കേണ്ടതും, കസ്റ്റോഡിയനോ അങ്ങനെയുള്ള ആളോ, അത് ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി വച്ചുകൊണ്ടിരിക്കേണ്ടതും ആകുന്നു.

(2) അതതുസംഗതിപോലെ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-ൻ കീഴിലെയോ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971-ലേയോ നിരോധനമില്ലെങ്കിൽ, ഒരു ശത്രുവിനോ, ശത്രുപ്രജയ്ക്കോ, ശത്രുഫേമിനോ, അല്ലെങ്കിൽ അവരുടെ ഗുണത്തിനായോ ഒരു വിദേശ കറൻസിയിൽ പണം കൊടുക്കേണ്ടതായി വരുന്ന സംഗതികളിൽ (ഒരു വിനിർദ്ദിഷ്ട വിനിമയ നിരക്കിനു വ്യവസ്ഥ ചെയ്യുന്ന ഒരു കോൺട്രാക്റ്റ് പ്രകാരം പണം കൊടുക്കേണ്ട സംഗതികളിലൊഴികെ) ആ പണം ആ ശത്രുവിനോ, ശത്രുപ്രജയ്ക്കോ, ശത്രുഫേമിനോ കൊടുക്കേണ്ടതായിത്തീരുന്ന തീയതിക്ക് റിസർവ്വ്ബാങ്ക് ആഫ് ഇൻഡ്യ നിശ്ചയിക്കുന്ന മദ്ധ്യമ ഔദ്യോഗിക വിനിമയ നിരക്കിൽ രൂപാ കറൻസിയിൽ കസ്റ്റോഡിയന് കൊടുക്കേണ്ടതാകുന്നു.

(3) 8-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കസ്റ്റോഡിയൻ, ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-നോ ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1971-നോ ഈ ആക്റ്റിനോ കീഴിൽ തനിക്ക് നൽകപ്പെടുന്ന ഏതെങ്കിലും പണവും, ഈ ആക്റ്റിൻ കീഴിൽ തന്നിൽ നിക്ഷിപ്തമാകുന്ന ഏതെങ്കിലും വസ്തുവും കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതാകുന്നു.

**തന്നിൽ നിക്ഷിപ്തമായ ശത്രുവക വസ്തു സംബന്ധിച്ച് കസ്റ്റോഡിയന്റെ അധികാരങ്ങൾ**

8. (1) ഈ ആക്റ്റിൻ കീഴിൽ കസ്റ്റോഡിയനിൽ നിക്ഷിപ്തമായ വസ്തു സംബന്ധിച്ച് കസ്റ്റോഡിയന് അങ്ങനെയുള്ള വസ്തു സംരക്ഷിക്കുന്നതിന് ആവശ്യകമോ സമീചീനമോ ആണെന്ന് താൻ കരുതുന്ന നടപടികൾ എടുക്കുകയോ എടുക്കുന്നതുപ്രാധികാരപ്പെടുത്തുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള വസ്തു, വ്യക്തിയായ ഒരു ശത്രുപ്രജയുടെ വകയാണെങ്കിൽ ആ വ്യക്തിയേയോ അയാളുടെ കുടുംബത്തേയോ ഇൻഡ്യയിൽ സംരക്ഷിക്കുന്നതിന് ആവശ്യകമോ സമീചീനമോ ആണെന്ന് താൻ കരുതുന്ന ചെലവുകൾ വസ്തുവിൽ നിന്ന് നേരിടാവുന്നതുമാണ്.

(2) മേൽപ്പറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്കു ഭംഗംവരാത്ത വിധത്തിൽ കസ്റ്റോഡിയനോ, കസ്റ്റോഡിയൻ ഇതിലേക്ക് പ്രത്യേകമായി പ്രാധികാരപ്പെടുത്തുന്ന ആൾക്കോ, മുൻപറഞ്ഞ ആവശ്യത്തിന്,—

(i) ആ ശത്രുവിന്റെ ബിസിനസ്സ് നടത്തുകയും ;

(ii) ആ ശത്രുവിന് കിട്ടേണ്ട ഏതെങ്കിലും പണം വസൂലാക്കാൻ നടപടി എടുക്കുകയും ;

(iii) ആ ശത്രുവിന്റെ നാമത്തിലും ശത്രുവിനുവേണ്ടിയും ഏതെങ്കിലു് കാൺട്രാക്റ്റ് ഉണ്ടാക്കുകയോ, ഏതെങ്കിലും രേഖ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യുകയും ;

(iv) ഏതെങ്കിലും വ്യവഹാരമോ, മററു നിയമ നടപടിയോ ആരംഭിക്കുകയോ, പ്രതിവാദം ചെയ്യുകയോ, തുടരുകയോ ചെയ്യുകയും, ഏതെങ്കിലും തർക്കം മാദ്ധ്യസ്ഥതയ്ക്ക് റഫർ ചെയ്യുകയും, ഏതെങ്കിലും കടങ്ങളോ അവകാശവാദങ്ങളോ ബാദ്ധ്യതകളോ രാജിയാക്കുകയും ;

(v) വസ്തുവിന്റെ ഈടിൻമേൽ ആവശ്യകമായ വായ്പകൾ വാങ്ങുകയും ;

(vi) ഗവൺമെൻറിനോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ ഏതെങ്കിലും നികുതികളും, ഡ്യൂട്ടികളും, സെസ്സുകളും, റേററുകളും കൊടുക്കുന്നതും, ആ ശത്രുവിന്റെ ഏതെങ്കിലും ജോലിക്കാരനോ ജോലിക്കാരനെ സംബന്ധിച്ചോ, ഏതെങ്കിലും വേതനമോ, ശമ്പളമോ, പെൻഷനോ, പ്രാവിഡൻറു ഫണ്ടിലേക്കുള്ള അംശാദായങ്ങളോ കൊടുക്കുന്നതും, ആ ശത്രു ശത്രുക്കളല്ലാത്ത ആളുകൾക്ക് തിരിയെ കൊടുക്കാനുള്ള ഏതെങ്കിലും കടങ്ങൾ തിരിയെക്കൊടുക്കുന്നതും ഉൾപ്പെടെ വസ്തുവിൽനിന്ന് ഏതെങ്കിലും ചെലവ് നേരിടുകയും ;

(vii) വസ്തുക്കളിൽ ഏതെങ്കിലും, വില്പനവഴിയോ, പണയമായോ, പാട്ടത്തിനായോ (വാടകയ്ക്കായോ) കൈമാററം ചെയ്യുകയും, അല്ലെങ്കിൽ മററു വിധത്തിൽ വ്യയനം ചെയ്യുകയും ;

(viii) ശത്രുക്കൾക്കുവേണ്ടി അയാൾ വച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും പണം, ട്രഷറി ബില്ലുകളോ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് അംഗീകരിക്കുന്ന മററു ഗവൺമെൻറ് സെക്യൂരിററികളോ വിലയ്ക്കു വാങ്ങാനായി നിക്ഷേപിക്കുകയും;

(ix) ആ ശത്രുവിനും അയാളുടെ ആശ്രിതർക്കും തുകകൾ കൊടുക്കുകയും ;

(x) ആ ശത്രുവിനുവേണ്ടി ശത്രുക്കളല്ലാത്ത ആളുകൾക്ക്, 1962 ഒക്ടോബർ, 25-ാം തീയതിയോ 1971 ഡിസംബർ 3-ാം തീയതിയോ കൊടുക്കാൻ ബാക്കി നില്ക്കുന്ന തുകകൾ കൊടുക്കുകയും ;

(xi) ആ ശത്രുവിന്റെ പണത്തിൽനിന്ന് കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന മററു തുകകൾ കൊടുക്കുകയും ;

ചെയ്യാവുന്നതാണ്.

വിശദീകരണം:— ഈ ഉപവകുപ്പിലും, 10-ം, 17-ം വകുപ്പുകളിലും "ശത്രു" എന്ന തിൽ, ശത്രുപ്രജയും ശത്രുഫേമും ഉൾപ്പെടുന്നതാകുന്നു.

**ജപ്തിയിൽ നിന്നും മററും ഒഴിവാക്കൽ.**

9. ഈ ആക്ററിൻകീഴിൽ കസ്റേറാഡിയനിൽ നിക്ഷിപ്തമായ എല്ലാ ശത്രു വക വസ്തുക്കളും, ഒരു സിവിൽക്കോടതിയുടെ വിധിയുടേയോ മറേറതെങ്കിലും അധികാരസ്ഥാനത്തിന്റെ ഉത്തരവുകളുടേയോ നടത്തലിലെ ജപ്തിയിൽനിന്നോ, പിടിച്ചെടുക്കലിൽ നിന്നോ, വില്പനയിൽ നിന്നോ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

**ശത്രുവിന്റെ വക സെക്യൂരിററികളുടെ കൈമാററം.**

10. (1) 8-ാം വകുപ്പ് നൽകുന്ന അധികാരങ്ങളുടെ പ്രയോഗത്തിൽ, കസ്റേറാഡിയൻ, ഒരു കമ്പനി ഇറക്കിയതും ഒരു ശത്രുവിന്റെ വകയായതുമായ ഏതെങ്കിലും സെക്യൂരിററി വില്ക്കുവാൻ ഉദ്ദേശം പ്രകടിപ്പിക്കുന്നിടത്ത്, കമ്പനിക്ക് ഏതെങ്കിലും നിയമത്തിലോ, കമ്പനിയുടെ ഏതെങ്കിലും റഗുലേഷനിലോ, എന്തുതന്നെയിരുന്നാലും, കസ്റേറാഡിയന്റെ സമ്മതത്തോടുകൂടി ആ സെക്യൂരിററികൾ വിലയ്ക്കുവാങ്ങാവുന്നതും, അങ്ങനെ വിലയ്ക്കുവാങ്ങുന്ന ഏതെങ്കിലും സെക്യൂരിററികൾ വീണ്ടും ഇറക്കുന്നത് യുക്തമാണെന്നു തോന്നുമ്പോഴെല്ലാം കമ്പനിക്ക് അപ്രകാരം ചെയ്യാവുന്നതും ആണ്.

(2) ഏതെങ്കിലും കമ്പനി ഇറക്കുന്ന ഏതെങ്കിലും സെക്യൂരിററികൾ കസ്റേറാഡിയൻ ഒപ്പിട്ട് പൂർത്തീകരിച്ചു കൈമാററം ചെയ്യുന്നിടത്ത്, കസ്റേറാഡിയനിൽ നിന്ന് കൈമാററവും അതിലേക്കുള്ള ഉത്തരവും ലഭിക്കുന്നതിൻമേൽ, കമ്പനി കൈമാററം ചെയ്യപ്പെടുന്ന സെക്യൂരിററികൾ സംബന്ധിച്ചുള്ള സർട്ടിഫിക്കററിന്റെയോ, സ്ക്രിപ്പിന്റെയോ, അല്ലെങ്കിൽ ഉടമാവകാശം തെളിയിക്കുന്ന മററു തെളിവിന്റെയോ അഭാവത്തിൽ, കമ്പനിയുടെ റഗുലേഷനുകൾ അങ്ങനെയുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നില്ലെന്നിരുന്നാലും, കൈമാററം വാങ്ങുന്ന ആളുടെ നാമത്തിൽ ആ സെക്യൂരിററികൾ രജിസ്ററർ ചെയ്യേണ്ടതാകുന്നു.

എന്നാൽ, അങ്ങനെയുള്ള ഏതൊരു രജിസ്ട്രേഷനും, കമ്പനിക്ക് അനുകൂലമായ ഏതെങ്കിലും ലീനിനും അല്ലെങ്കിൽ ചാർജ്ജിനും, മറേറത് ലീനിനേയോ, ചാർജ്ജിനേയോ സംബന്ധിച്ചാണോ കസ്റേറാഡിയൻ കമ്പനിക്ക് പ്രകടമായ നോട്ടീസ് നൽകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ലീനിനും അല്ലെങ്കിൽ ചാർജ്ജിനും ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

വിശദീകരണം. — ഈ വകുപ്പിൽ "സെക്യൂരിററികൾ" എന്നതിൽ ഓഹരികളും സ്ററാക്കുകളും, ബാണ്ടുകളും, ഡിബഞ്ചറുകളും, ഡിബഞ്ചർ സ്ററാക്കും ഉൾപ്പെടുന്നതും, എന്നാൽ വിനിമയ പത്രങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

ആളുകളെ സമൺ ചെയ്യാനും രേഖകൾ ആവശ്യപ്പെടാനും കസ്റ്റോഡിയനുള്ള അധികാരം.

11. (1) ഏതെങ്കിലും ശത്രുവക വസ്തുവിനെക്കുറിച്ച് വിവരം നൽകാൻ കഴിവുള്ളവനാണെന്ന് താൻ വിശ്വസിക്കുന്ന ഏതെങ്കിലും ആളോട്, കസ്റ്റോഡിയന്, ലിഖിതമായ നോട്ടീസ് വഴി, നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തും സ്ഥലത്തും തന്റെ മുൻപാകെ സന്നിഹിതനാകാൻ ആവശ്യപ്പെടാവുന്നതും, അതു സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും ആളെ വിസ്തരിക്കുകയും, അയാളുടെ പ്രസ്താവന ലിഖിതത്തിലാക്കുകയും, അത് ഒപ്പിടാൻ അയാളോടാവശ്യപ്പെടുകയും ചെയ്യാവുന്നതും ആണ്.

(2) ഏതാളുടെ കൈവശത്തിലോ, നിയന്ത്രണത്തിലോ ആണ് ഏതെങ്കിലും ശത്രുവക വസ്തു സംബന്ധിച്ച ഏതെങ്കിലും കണക്കുപുസ്തകമോ, ലററർ ബുക്കോ, ഇൻവോയിസോ, രസീതോ, മററുരേഖയോ, അതു ഏതു തരത്തിലുള്ളതായാലും, ഉണ്ടെന്ന് താൻ വിശ്വസിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളോട് കസ്റ്റോഡിയന്, ലിഖിതമായ നോട്ടീസ് വഴി നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തും, സ്ഥലത്തും, തന്റെ മുമ്പാകെ ഹാജരാക്കുകയോ, ഹാജരാക്കിക്കുകയോ ചെയ്യാനും, അതു തന്റെ പരിശോധനയ്ക്ക് സമർപ്പിക്കുകയും, അതിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റേയോ, അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ പകർപ്പുകൾ, താൻ എടുക്കുന്നത് അനുവദിക്കുകയും ചെയ്യാനും, ആവശ്യപ്പെടാവുന്നതാണ്.

കസ്റ്റോഡിയന്റെ ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള സംരക്ഷണം.

12. ഏതെങ്കിലും പണമോ, വസ്തുവോ സംബന്ധിച്ച ഏതെങ്കിലും ഉത്തരവ് കസ്റ്റോഡിയൻ ഏതെങ്കിലും ആളെ സംബോധനം ചെയ്തുകൊണ്ടുള്ളതായിരിക്കുകയും അതോടൊപ്പം ആ പണമോ വസ്തുവോ ഈ ആക്ററിൻകീഴിൽ, തന്നിൽ നിക്ഷിപ്തമായ പണമോ വസ്തുവോ ആണെന്നുള്ള കസ്റ്റോഡിയന്റെ സർട്ടിഫിക്കററ് ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, ആ സർട്ടിഫിക്കററ്, അതിൽ പ്രസ്താവിച്ച വസ്തുതകളുടെ തെളിവായിരിക്കുന്നതും, ആ ആൾ കസ്റ്റോഡിയന്റെ ഉത്തരവ് അനുസരിച്ചു പ്രവർത്തിക്കുന്നുവെങ്കിൽ, അങ്ങനെ അനുസരിച്ചതു മാത്രം കാരണമായി അയാൾ ഏതെങ്കിലും വ്യവഹാരത്തിനോ, മററു നിയമനടപടികൾക്കോ വിധേയനായിരിക്കുന്നതല്ലാത്തതും ആകുന്നു.

കസ്റ്റോഡിയന്റെ ഉത്തരവുകളനുസരിച്ച് എടുത്ത നടപടിയുടെ സാധുത.

13. ഈ ആക്ററിൻ കീഴിൽ, —

(ക) കസ്റ്റോഡിയന് ഏതെങ്കിലും പണം കൊടുക്കുകയോ; അല്ലെങ്കിൽ

(ഖ) കസ്റ്റോഡിയനിൽ ഏതെങ്കിലും വസ്തു നിക്ഷിപ്തമാവുകയോ, ഈ ആക്ററിൻകീഴിൽ തന്നിൽ നിക്ഷിപ്തമായ ശത്രുവകവസ്തുവാണെന്ന് കസ്റ്റോഡിയന് തോന്നുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച് കസ്റ്റോഡിയൻ ഏതെങ്കിലും ആൾക്ക് ഒരു ഉത്തരവ് കൊടുക്കുകയോ ;

ചെയ്യുന്നിടത്ത്, ആ പണം കൊടുക്കലോ, നിക്ഷിപ്തമാകലോ, കസ്റ്റോഡിയന്റെ ഉത്തരവോ, അല്ലെങ്കിൽ അതിന്റെ അനന്തരഫലമായ ഏതെങ്കിലും നടപടികളോ പ്രസക്തമായ ഒരു സമയത്ത് —

(i) പണത്തിലോ വസ്തുവിലോ അവകാശം ഉണ്ടായിരുന്നവനോ, ഉണ്ടായിരുന്നിരിക്കാവുന്നവനോ ആയവനും, ശത്രുവോ, ശത്രുഫേമോ ആയിരുന്നവനുമായ വല്ല ആളും മരിച്ചുപോയിട്ടുണ്ടായിരുന്നുവെന്നോ, ശത്രുവോ ശത്രുഫേമോ അല്ലാതായിത്തീർന്നിട്ടുണ്ടായിരുന്നു എന്നോ; അല്ലെങ്കിൽ

(ii) അപ്രകാരം അവകാശം ഉണ്ടായിരുന്നവനും ശത്രുവോ, ശത്രുഫേമോ ആണെന്ന് കസ്റ്റോഡിയൻ വിശ്വസിച്ചിരുന്നവനുമായ വല്ലയാളും, ശത്രുവോ, ശത്രുഫേമോ അല്ലായിരുന്നു എന്നോ,

ഉള്ള കാരണത്താൽ മാത്രം അസാധുവാക്കപ്പെടുകയോ ബാധിക്കപ്പെടുകയോ ചെയ്യുന്നതല്ല.

തങ്ങളുടെ ആസ്തികൾ കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്ന കമ്പനികൾക്ക് എതിരായുള്ള നടപടികൾ.

14. ഈ ആക്ററിൻ കീഴിൽ കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്ന ശത്രുവക വസ്തു ഒരു കമ്പനിയുടെ ആസ്തികൾ ആയിരിക്കുന്നിടത്ത്, കസ്റ്റോഡിയന്റെ ലിഖിതമായ സമ്മതത്തോടൊഴികെ കമ്പനി ആക്ററ്, 1956 (1956-ലെ 1)-ൻ കീഴിൽ കമ്പനിക്കോ, അതിലെ ഏതെങ്കിലും ഡയറക്ടർക്കോ, മാനേജർക്കോ, മററു ഉദ്യോഗസ്ഥനോ എതിരായി സിവിലോ ക്രിമിനലോ ആയ യാതൊരു നടപടിയും ആരംഭിക്കാൻ പാടുള്ളതല്ല.

ശത്രുവക വസ്തു സംബന്ധിച്ച റിട്ടേണുകൾ.

15. (1) ഈ ആക്ററിൻ കീഴിൽ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും ശത്രുവക വസ്തുവിൽ, തന്റെ അഭിപ്രായത്തിൽ അവകാശമോ, നിയന്ത്രണമോ ഉള്ള ആളുകളിൽനിന്ന്, കസ്റ്റോഡിയന് നിർണ്ണയിക്കപ്പെടുന്ന റിട്ടേണുകൾ ആവശ്യപ്പെടാവുന്നതാണ്.

(2) ഏതാളിൽനിന്നാണോ (1)-ാം ഉപവകുപ്പിൻകീഴിൽ റിട്ടേൺ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളും നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാകുന്നു.

റിട്ടേണുകളുടെ രജിസ്റ്ററുകൾ.—

16. (1) ഈ ആക്റ്റിൻ കീഴിൽ ശത്രുവക വസ്തു സംബന്ധിച്ച്, കസ്റ്റോഡിയന് സമർപ്പിക്കുന്ന എല്ലാ റിട്ടേണുകളും, നിർണ്ണയിക്കപ്പെടുന്ന രജിസ്റ്ററുകളിൽ റിക്കാർഡാക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള എല്ലാ രജിസ്റ്ററുകളും, നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുക്കുന്നതിനും, കസ്റ്റോഡിയൻ ചുമത്തുന്ന ന്യായമായ നിയന്ത്രണങ്ങൾക്കും വിധേയമായി, ഒരു ഉത്തമർണ്ണനെന്ന നിലയിലോ മററു വിധത്തിലോ കസ്റ്റോഡിയന്റെ അഭിപ്രായത്തിൽ ഏതെങ്കിലും പ്രത്യേകമായ ശത്രുവക വസ്തുവിൽ അവകാശമുള്ള ഏതെങ്കിലും ആൾക്ക് പരിശോധനയ്ക്ക് പ്രാപ്യമായിരിക്കേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുക്കുന്നതിന്മേൽ, രജിസ്റ്ററുകളിൽ നിന്ന് പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭിക്കുകയും കൂടി ചെയ്യാവുന്നതാണ്.

ഫീസ് ഈടാക്കൽ.—

17. കസ്റ്റോഡിയൻ—

(ക) തനിക്ക് നല്കപ്പെടുന്ന പണത്തിന്റെ തുകയുടേയും ;

(ഖ) ഈ ആക്റ്റിൻകീഴിൽ തന്നിൽ നിക്ഷിപ്തമായ ഏതെങ്കിലും വസ്തു വിററുകിട്ടിയതോ കൈമാററം ചെയ്തു കിട്ടിയതോ ആയ വരവിന്റേയും ;

(ഗ) അവശേഷിക്കുന്ന വസ്തു വല്ലതുമുണ്ടെങ്കിൽ, അതു ആദ്യ ഉടമസ്ഥനോ, കേന്ദ്രഗവൺമെന്റ് വിനിർദ്ദേശിക്കുന്ന മററ് ആൾക്കോ 18-ാം വകുപ്പിൻകീഴിൽ, കൈമാററം ചെയ്യുന്ന സമയത്തുള്ള അതിന്റെ മൂല്യത്തിന്റെയും,

രണ്ടു ശതമാനത്തിനു തുല്യമായ ഫീസ് ഈടാക്കേണ്ടതാണ് :

എന്നാൽ, ഏതു ശത്രുവിന്റെ വസ്തുവാണോ അതിലേക്ക് പ്രത്യേകമായി പ്രാധികാരപ്പെടുത്തുന്ന വല്ല ആളാലും മാനേജ് ചെയ്യപ്പെടാൻ കസ്റ്റോഡിയൻ അനുവദിക്കുന്നത്, അങ്ങനെയുള്ള ശത്രുവിന്റെ സംഗതിയിൽ, ആ ശത്രുവിന്റെ മൊത്തം ആദായത്തിന്റെ രണ്ടു ശതമാനമുള്ള ഫീസോ, അല്ലെങ്കിൽ അതിലും കുറവായി കേന്ദ്രഗവൺമെന്റ്, അതിന്, നേരിട്ടുള്ള മാനേജ്മെന്റിൽ വഹിക്കേണ്ടിവരുന്ന ചെലവും, മേലേക്കിടമേൽനോട്ടത്തിന്റെ ചെലവും, മാനേജ്മെന്റ് സംബന്ധിച്ച് ആ ഗവൺമെന്റിന് നേരിടേണ്ടിവരുന്ന ഏതെങ്കിലും നഷ്ടസാദ്ധ്യതകളും കണക്കിലെടുത്തതിനുശേഷം, പ്രത്യേകമായി നിജപ്പെടുത്തുന്ന ഫീസോ ഈടാക്കേണ്ടതാണ് :

എന്നുമാത്രമല്ല, കേന്ദ്രഗവൺമെന്റിന്, ഏതെങ്കിലും പ്രത്യേക സംഗതിയിലോ, തരംസംഗതികളിലോ, ഈ ഉപവകുപ്പിൻകീഴിൽ ഈടാക്കേണ്ട ഫീസ്, ലിഖിതമായി റിക്കാർഡാക്കേണ്ടക കാരണങ്ങളാൽ, കുറയ്ക്കുകയോ ഇളവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം :—ഈ ഉപവകുപ്പിൽ, "ശത്രുവിന്റെ മൊത്തം ആദായം" എന്നാൽ, ആ ശത്രുവിന്റെ, ഈ ആക്റ്റിൻകീഴിൽ കസ്റ്റോഡിയനിൽ നിക്ഷിപ്തമായവസ്തുക്കളിൽ നിന്ന് ലഭിക്കുന്ന ആദായം എന്നർത്ഥമാകുന്നു.

(2) ഫീസ് ചുമത്തുന്ന ആവശ്യത്തിന് ഏതെങ്കിലുംവസ്തുവിന്റെ മൂല്യം, കേന്ദ്രഗവൺമെന്റിന്റേയോ, കേന്ദ്രഗവൺമെന്റ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന അധികാരസ്ഥാനത്തിന്റേയോ അഭിപ്രായത്തിൽ തുറന്ന കമ്പോളത്തിൽ വിൽക്കുന്നുവെങ്കിൽ, അങ്ങനെയുള്ള വസ്തുവിനുകിട്ടുന്ന വിലയായിരിക്കുന്നതാണ്,

(3) വസ്തു സംബന്ധിച്ച ഫീസ്, അതു വിററു കിട്ടുന്നതോ കൈമാററം ചെയ്തുകിട്ടുന്നതോ ആയ വരവിൽനിന്നോ, അല്ലെങ്കിൽ അതിൽനിന്നു സിദ്ധിക്കുന്ന ഏതെങ്കിലും ആദായത്തിൽനിന്നോ, അല്ലെങ്കിൽ അതേ ശത്രുവിന്റെ വകയുംഈ ആക്റ്റിൻ കീഴിൽകസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കുന്നതുമായ മറേറതെങ്കിലും വസ്തുവിൽനിന്നോ ഈടാക്കാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഈടാക്കുന്ന ഫീസ് കേന്ദ്രഗവൺമെന്റിലേക്ക് വരവ് വയ്ക്കേണ്ടതാകുന്നു.

കസ്റ്റോഡിയനിൽനിന്ന് തന്നിൽ നിക്ഷിപ്തമായ,ശത്രുവക വസ്തു എടുത്തുകളയൽ.—

18. കേന്ദ്രഗവൺമെന്റിന്, ഈ ആക്റ്റിൻകീഴിൽ കസ്റ്റോഡിയനിൽ നിക്ഷിപ്തമായതും അയാളുടെ പക്കൽ അവശേഷിക്കുന്നതുമായ ഏതെങ്കിലും ശത്രുവക വസ്തു അയാളിൽനിന്ന് എടുത്തുകളയപ്പെടുകയും, അതിന്റെ ഉടമസ്ഥനോ, നിദേശത്തിൽ വിനിർദ്ദേശിക്കുന്ന മററാൾക്കോ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തിരിയെ കൊടുക്കപ്പെടുകയും ചെയ്യേണ്ടതാണെന്ന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, നിദേശിക്കാവുന്നതും, അതോടെ അങ്ങനെയുള്ള വസ്തു കസ്റ്റോഡിയനിൽ നിക്ഷിപ്തമല്ലാതാകുന്നതും അങ്ങനെയുള്ള ഉടമസ്ഥനിലോ, മററാളിലോ പുനർനിക്ഷിപ്തമാകുന്നതുമാണ്.

ആക്റ്റിൻ കീഴിൽ എടുക്കുന്ന നടപടിയുടെ സംരക്ഷണം

19. ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെങ്കിലും, കേന്ദ്രഗവൺമെന്റിനോ കസ്റ്റോഡിയനോ, ശത്രുവക ഇൻസ്പെക്റ്റർക്കോ എതിരായി യാതൊരു വ്യവഹാരവും, പ്രാസിക്യൂഷനും, അല്ലെങ്കിൽ മററു നിയമനടപടിയും നിലനിൽക്കുന്നതല്ല.

ദണ്ഡനം

20. (1)ഏതെങ്കിലും ആൾ,7-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും പണം കൊടുക്കുന്നുവെങ്കിൽ, അയാൾ ആറു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആ പണം കൊടുത്തതോ, ഇടപാടോ ശൂന്യമായിരിക്കുന്നതും ആകുന്നു.

(2) ഏതെങ്കിലും ആൾ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാൾ ആറുമാസത്തോളമാകാവുന്നകാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ആൾ 11-ാം വകുപ്പ്, (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ കസ്റ്റോഡിയൻ ആവശ്യപ്പെടുന്നത് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ഏതെങ്കിലും ആൾ 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ, അല്ലെങ്കിൽ വ്യാജവും, വ്യാജമാണെന്ന് താൻ അറിയുകയോ സത്യമാണെന്ന് താൻ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും വിവരംഅടങ്ങുന്ന അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

കമ്പനികളാലുള്ളകുറ്റങ്ങൾ.—

21. (1) ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്കു പുറമെ കുറ്റം ചെയ്യപ്പെട്ട സമയത്ത്, കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണന്നോ, അല്ലെങ്കിൽ കുറ്റം ചെയ്യപ്പെടുന്നതു തടയാൻ, താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു. എന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്റ്ററുടെയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃത നികായമെന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും,

(ഖ) "ഡയറക്റ്റർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും, ആകുന്നു.

ആക്റ്റിനോട് അസംഗതമായ നിയമങ്ങളുടെ പ്രഭാവം.—

22. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അതോട് അസംഗതമായി തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—

23. —(1) കേന്ദ്രഗവൺമെൻറിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേല്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെ, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) 15-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ കസ്റ്റോഡിയന് ആവശ്യപ്പെടാവുന്ന റിട്ടേണുകൾക്കും ആ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അങ്ങനെയുള്ള റിട്ടേണുകൾ ഏതു കാലാവധിക്കുള്ളിലാണ് സമർപ്പിക്കേണ്ടത് ആ കാലാവധിക്കും ;

(ഖ) 16-ാം വകുപ്പിൻകീഴിൽ, ശത്രുവക വസ്തു സംബന്ധിച്ചുള്ള റിട്ടേണുകൾ റിക്കാർഡാക്കേണ്ട രജിസ്ററുകൾക്കും ;

(ഗ) 16-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ രജിസ്ററുകൾ പരിശോധിക്കുന്നതിനും, രജിസ്ററുകളിലെ പ്രസക്തമായ ഭാഗങ്ങളുടെ പകർപ്പുകൾ ലഭിക്കുന്നതിനും ഉള്ള ഫീസിനും :

(ഘ) കസ്റ്റോഡിയനിൽ നിക്ഷിപ്തമായ ശത്രുവകവസ്തു 18-ാം വകുപ്പിൻ കീഴിൽ തിരിയെ കൊടുക്കാവുന്ന രീതിക്കും ;

(ങ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ, കേന്ദ്രഗവൺമെൻറുണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിനു അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു, എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ, ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

**ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ 1962-ൻ കീഴിലോ ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ 1971-ൻ കീഴിലോ പുറപ്പെടുവിച്ച ചില ഉത്തരവുകൾ പ്രാബല്യത്തിൽ തുടരുന്നതാണെന്ന്.—**

24. (1) കേന്ദ്രഗവൺമെൻേറാ, ഇൻഡ്യൻ പ്രതിരക്ഷാചട്ടങ്ങൾ 1962-ൻ കീഴിൽ നിയമിക്കപ്പെട്ട, ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റേറാഡിയനോ ശത്രുവക വസ്തു സംബന്ധിച്ച്, ആ ചട്ടങ്ങൾക്ക് കീഴിൽ പുറപ്പെടുവിച്ചതും, ആ ചട്ടങ്ങളുടെ കാലാവധി അവസാനിക്കുന്നതിനു തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്നതുമായ ഏതൊരുത്തരവും, അത്, ഈ ആക്ററിലെ വ്യവസ്ഥകളോടു അസംഗതമല്ലാത്തിടത്തോളം, പ്രാബല്യത്തിൽ തുടരുന്നതായും, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ടതായും കരുതപ്പെടുന്നതാകുന്നു.

(2) കേന്ദ്ര ഗവൺമെൻേറാ, ഇൻഡ്യൻ പ്രതിരക്ഷാ ചട്ടങ്ങൾ, 1971-ൻ കീഴിൽ നിയമിക്കപ്പെട്ട, ഇൻഡ്യയുടെ ശത്രുവക വസ്തു കസ്റേറാഡിയനോ ശത്രുവക വസ്തു സംബന്ധിച്ച് ആ ചട്ടങ്ങൾക്ക്കീഴിൽ പുറപ്പെടുവിച്ചതും, ആ ചട്ടങ്ങളുടെ കാലാവധി അവസാനിക്കുന്നതിനു തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്നതുമായ ഏതൊരുത്തരവും, ഈ ആക്ററിലെ വ്യവസ്ഥകളോടു അസംഗതമല്ലാത്തിടത്തോളം, പ്രാബല്യത്തിൽ തുടരുന്നതായും, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ടതായും കരുതപ്പെടുന്നതാകുന്നു.

**റദ്ദാക്കലും ഒഴിവാക്കലും.—**

25. (1) ശത്രുവക വസ്തു ആർഡിനൻസ്, 1968 (1968-ലെ 7) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കപ്പെട്ടിട്ടുണ്ടെന്നിരുന്നാലും, മുൻപറഞ്ഞ ആർഡിനൻസിൻ കീഴിൽ ചെയ്യപ്പെട്ട എന്തെങ്കിലുമോ, എടുക്കപ്പെട്ട ഏതെങ്കിലും നടപടിയോ, ഈ ആക്ററിലെ തത്സ്ഥാനീയ വ്യവസ്ഥകൾക്കു കീഴിൽ, ചെയ്യപ്പെട്ടതോ എടുക്കപ്പെട്ടതോ ആയി കരുതപ്പെടുന്നതാകുന്നു.

---